ശ്രീ. കെ. പി. നൂറുദ്ദീൻ: തൃശ്ശൂർ ജില്ലയോട് അവഗണനയൊന്നുമില്ല. മാത്രമല്ല, വളരെയേറെ പരിഗണന നൽകി ദേശീയഗെയിംസ് നടക്കുമ്പോൾ ഏറ്റവുമധികം സുപ്രധാനമായ ഇനം തൃശ്ശൂർ ജില്ലയിലാണ് നടത്താൻ പോകുന്നത്.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

വ്യവസായങ്ങൾക്ക് ആവശ്യമായ തടി ഇറക്കുമതി

* 538 [575] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഈർച്ചമില്ലുകൾക്കും തടി അസംസ്കൃത പദാർത്ഥമായി ഉപയോഗിക്കുന്ന ഫാക്ടറികൾക്കും ആവശ്യത്തിനുള്ള തടി മറ്റു രാജ്യങ്ങളിൽനിന്നും ഇറക്കുമതിചെയ്യുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ ഏതെങ്കിലും സ്വകാര്യ സ്ഥാപനങ്ങൾ വിദേശരാജ്യങ്ങളിൽ നിന്നും തടി ഇറക്കുമതി ചെയ്യുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ ഏത് സ്ഥാപനമാണെന്ന് വെളിപ്പെടുത്തുമോ?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്): (എ) ആവശ്യമുള്ള തടി ഇറക്കുമതി ചെയ്യുന്നതിനുള്ള നടപടി അതാത് സ്ഥാപനങ്ങൾ തന്നെ സ്വീകരിക്കുന്നുണ്ട്.

(ബി, സി) ഉണ്ട്. പല സ്വകാര്യസ്ഥാപനങ്ങളും തടി ഇറക്കുമതി ചെയ്യുന്നുണ്ട്.

മിനി വ്യവസായ എസ്റ്റേറ്റുകളും മിനി യൂണിറ്റുകളും

* 539 [576] ശ്രീ. കെ. പി. പ്രഭാകരൻ:
,, കെ. വി. സുരേന്ദ്രനാഥ്:
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ:
ശ്രീ. കെ. ഇ. ഇസ്മയിൽ:
,, കെ. ടി. കുമാരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മിനി വ്യവസായ എസ്റ്റേറ്റുകളെയും അവിടെ പ്രവർത്തിക്കുന്ന മിനി യൂണിറ്റുകളെയും പറ്റി ഗവൺമെന്റ് സർവ്വേ നടത്തുകയുണ്ടായോ;

(ബി) എങ്കിൽ സർവ്വേയുടെ നിഗമനങ്ങളെന്താണെന്ന് വെളിപ്പെടുത്തുമോ;

(സി) ആ നിഗമനങ്ങളുടെ വെളിച്ചത്തിൽ മിനി വ്യവസായങ്ങൾ പുനരുദ്ധരിക്കാൻ എന്തു നടപടികൾ സ്വീകരിച്ചു;

LIBRARY ARCHIVES Kerala Legislative Assembly